# പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2020 ഫെബ്രുവരി 10, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിട്ട 137-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 01-11-2019-ലെ നക്ഷത്രചിഹ്നമിട്ട 137-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II ഗവർണ്ണറുടെ സന്ദേശം

2020 ഫെബ്രുവരി 5-ാം തീയതി സഭ അംഗീകരിച്ച നന്ദിപ്രമേയത്തിന് കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണ്ണർ നൽകിയ മറുപടി

ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

## III അടിയന്തരപ്രമേയം

കാർഷിക മേഖലയിലെ പ്രതിസന്ധി

മി. സ്പീക്കർ: കേരളത്തിലെ കാർഷിക മേഖലയും കർഷകരും നേരിടുന്നതായി പറയപ്പെടുന്ന പ്രതിസന്ധികളും പ്രയാസങ്ങളും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. സണ്ണി ജോസഫ്, ടി. എ. അഹമ്മദ് കബീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രസ്തുത വിഷയം പ്രധാനപ്പെട്ടതായതിനാൽ ചർച്ചയ്ക്കെടുക്കാവുന്നതാണ്.

(അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു.)

## IV ശ്രദ്ധ ക്ഷണിക്കൽ

(1) സഹകരണ മേഖലയിൽ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ

ശ്രീ. രാജു എബ്രഹാം: സഹകരണ ബാങ്കുകളുടെ പണമിടപാടുകൾക്ക് 2 ശതമാനം നികുതി ഏർപ്പെടുത്തുന്ന കേന്ദ്ര തീരുമാനം സഹകരണ മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുന്നതാണ്. സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായും ദുർബ്ബല വിഭാഗങ്ങളുടെ ഉന്നമനത്തിനായും നിലനിൽക്കുന്ന സഹകരണ മേഖലയെ

തകർക്കുന്ന ആദായനികുതി വകുപ്പിന്റെ തത്വദീക്ഷയില്ലാത്ത നിലപാട് തുടരുന്നതിനെതിരെ ശക്തമായ പ്രതിഷേധം ഉയർത്തുന്നതിനും സഹകരണ പ്രസ്ഥാനങ്ങളെ ദുർബ്ബലപ്പെടുത്തുന്ന കേന്ദ്ര നികുതിനയങ്ങളിൽ ഫലപ്രദമായ ഇടപെടൽ നടത്തി ഈ പ്രസ്ഥാനത്തെ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): കേന്ദ്ര ബജറ്റിൽ സഹകരണ മേഖലയ്ക്കായി പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ പലതും അനാകർഷകവും അവ്യക്തവുമാണ്. സഹകരണ സംഘങ്ങളെ കോർപ്പറേറ്റ് കമ്പനികളുമായി തുല്യതപ്പെടുത്തുന്ന കുറഞ്ഞ ടാക്സ് നിരക്കിലേയ്ക്ക് കൊണ്ടുവരുന്നതിനാണ് നിർദ്ദേശിക്കുന്നത്. കോർപ്പറേറ്റ് സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള രീതിയിൽ മിനിമം അനുമാന നികുതി പരിധിയിൽനിന്ന് സഹകരണ സംഘങ്ങളെ ഒഴിവാക്കുന്നുണ്ട്. പാക്സ്, പി.സി.എ.ആർ.ഡി.ബി. എന്നിവയ്ക്ക് ആദായനികുതി നിയമത്തിൽ കിഴിവ് അനുവദിച്ചിട്ടുണ്ടെങ്കിലും കേരളത്തിലെ പാക്സുകൾ ബാങ്കുകൾക്ക് സമാനമായ പ്രവർത്തനം നടത്തുന്നുവെന്ന് സൂചിപ്പിച്ചുകൊണ്ട് പാക്സുകൾക്ക് വ്യാപകമായി ആദായനികുതി അസസ്സ്മെന്റ് നടത്തിവരുന്നതിനെതിരെ സഹകരണ സംഘങ്ങൾ കോടതിയെ സമീപിക്കുകയും കേസ് നിലവിൽ സുപ്രീംകോടതിയുടെ

പരിഗണനയിലുമാണ്. പാക്സുകളുടെ ആദായനികുതി പരിരക്ഷ സംബന്ധിച്ച് വ്യക്തത ആവശ്യമാണ്. സഹകരണ സംഘങ്ങളുടെ ബാലൻസ് ഷീറ്റ് തയ്യാറാക്കൽ, കണക്കുകളുടെ ഓഡിറ്റ് എന്നീ കാര്യങ്ങളിൽ ഏകീകൃതരീതി അവലംബിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നതിന്റെ ഭാഗമായി ആഡിറ്റ് മാനുവൽ പരിഷ്കരിക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ മാറിവരുന്ന നികുതി നിയമങ്ങൾ സഹകരണ സംഘങ്ങളെ എപ്രകാരം ബാധിക്കുമെന്നതുസംബന്ധിച്ച് പരിശോധിക്കുന്നതിനായി രൂപീകരിക്കുന്ന സർക്കാർ സ്ഥിരം സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(2) തീരദേശ മേഖലാ നിയന്ത്രണ വിജ്ഞാപനം

ശ്രീ. ടി. ജെ. വിനോദ്: സംസ്ഥാനത്തെ തീരദേശവാസികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന 2019-ലെ തീരദേശ മേഖലാ നിയന്ത്രണ വിജ്ഞാപനം നടപ്പാക്കുന്നതിനും പുതിയ തീരദേശ പരിപാലന പദ്ധതിയുടെ പൂർത്തീകരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് ദേശീയ ഭൗമശാസ്ത്ര പഠനകേന്ദ്രത്തിനാവശ്യമായ രേഖകൾ കൈമാറുന്നതിനും ലൈഫ് പദ്ധതിയിലുൾപ്പെടുത്തി വീടില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ചുനൽകുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): 06.01.2011-ന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച തീരദേശമേഖലാ നിയന്ത്രണ വിജ്ഞാപനം സംസ്ഥാനത്ത് നിലവിൽ വന്നത് 28.02.2019-ലാണ്. അതിനുശേഷം ദൂരപരിധിയിൽ ഇളവ് വരുത്തിക്കൊണ്ട് പുറപ്പെടുവിച്ച വിജ്ഞാപനത്തിലെ വ്യവസ്ഥപ്രകാരം സംസ്ഥാന തീരദേശ പരിപാലന പ്ലാൻ കേന്ദ്രസർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ പുതിയ വിജ്ഞാപനത്തിന്റെ ആനുകൂല്യങ്ങൾ ലഭ്യമാകുകയുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിരുന്നു. 2019-ലെ വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് ദേശീയ ഭൗമശാസ്ത്ര പഠനകേന്ദ്രത്തെ ചുമതലപ്പെടുത്തുകയും ആവശ്യമായ രേഖകൾ നൽകുകയും ചെയ്തിട്ടുണ്ട്. വീടില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് പദ്ധതിയിലൂടെ വീട് നിർമ്മാണം നടത്തിവരുന്നുണ്ട്. ടി നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി തീരദേശവാസികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു.

## V സബ്മിഷൻ

### (1) തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

ശ്രീ. ജി. എസ്. ജയലാൽ: കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി പുനരാരംഭിക്കുന്നതിനും

ജീവനക്കാരുടെ കുടിശ്ശിക ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): കേരളത്തിലെ പൊതു-സഹകരണ മേഖലയിൽ നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്പിന്നിംഗ് മില്ലുകൾ ലാഭകരമാക്കുന്നതിനും സൗജന്യ കൈത്തറി യൂണിഫോം നൽകാനാവശ്യമായ പരുത്തി നൂലുകൾ മില്ലുകളിൽനിന്നും ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മിൽ നവീകരണത്തിനായി എൻ.സി.ഡി.സി. അംഗീകരിച്ച 57.39 കോടി രൂപയുടെ പുതുക്കിയ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 3173.17 ലക്ഷം രൂപ മില്ലിന് അനുവദിച്ച് നൽകിയിട്ടുണ്ട്. തൊഴിലാളികളുടെ പി.എഫ്, ഗ്രാറ്റിവിറ്റി, ഇ.എസ്.ഐ., ആനുകൂല്യങ്ങളും 2019 ആഗസ്റ്റ് വരെയുള്ള ലേ ഓഫ് വേതനവും കുടിശ്ശികയും നൽകിയിട്ടുണ്ട്. മില്ലിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് മെച്ചപ്പെട്ട ഉല്പാദനം കൈവരിക്കുന്നതോടെ തൊഴിലാളികളുടെ ബാദ്ധ്യതകൾ കൊടുത്തുതീർക്കുന്നതാണ്.

(2) പുതിയപാലത്ത് പാലം നിർമ്മാണം

ഡോ. എം. കെ. മുനീർ: പുതിയപാലത്ത് കിഫ്ബിയിലുൾപ്പെടുത്തിയ വലിയപാലത്തിനായുള്ള സ്ഥലമെടുപ്പിന് ആദ്യഗഡുവായി അനുവദിച്ച തുക റിലീസ്

ചെയ്യാൻ നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): കിഫ്ബിയുടെ എട്ടാമത് എക്സിക്യൂട്ടീവ് കമ്മിറ്റി 59 കോടിരൂപയുടെ അംഗീകാരം വലിയപാലം നിർമ്മാണത്തിന് നൽകുകയും ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾക്കായി റോഡ് ഫണ്ട് ബോർഡ് കിഫ്ബിയിൽ സമർപ്പിച്ച 18 കോടി രൂപയുടെ ഡിമാന്റ് ലെറ്റർ പദ്ധതി നിർവ്വഹണ ഏജൻസിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് അനുവദിച്ച തുക റിലീസ് ചെയ്യുന്നതിനുള്ള കാലതാമസത്തെപ്പറ്റി അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(3) വില സ്ഥിരതാ പദ്ധതി

ശ്രീ. കെ. സി. ജോസഫ്: വില സ്ഥിരതാ പദ്ധതിക്കായി അനുവദിച്ച തുക ചെലവഴിക്കാനും റബ്ബർ കർഷകർക്ക് നൽകാനുള്ള കുടിശ്ശിക സമയബന്ധിതമായി കൊടുത്തുതീർക്കാനും ടി മേഖലയിലെ പ്രതിസന്ധി കണക്കിലെടുത്ത് താങ്ങുവില വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): റബ്ബർ കർഷകരെ സഹായിക്കുന്നതിനും വിലസ്ഥിരത ഉറപ്പുവരുത്തുന്നതിനുമായി സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്. റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് അതത് ദിവസം പ്രഖ്യാപിക്കുന്ന വിലയും തമ്മിലുള്ള

വ്യത്യാസം ബോർഡ് സാക്ഷ്യപ്പെടുത്തുന്ന പ്രകാരം ഇൻസെന്റീവ് സബ്സിഡിയായി കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നൽകുകയാണ് ചെയ്യുന്നത്. ഒരു ഹെക്ടറിൽ പ്രതിവർഷം 1800 കിലോ റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. നാലുവർഷത്തിനിടയിൽ 1482 കോടി രൂപ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് ഇനത്തിൽ കർഷകർക്ക് വിതരണം ചെയ്യുകയും റബ്ബർ തോട്ടങ്ങളിൽ ഇടവിളകൃഷി ചെയ്യുന്ന കർഷകർക്ക് കൃഷി വകുപ്പ് മുഖാന്തരം പ്രത്യേക പദ്ധതി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച കർഷകർക്ക് റബ്ബർ ബോർഡ് അംഗീകരിച്ച ക്ലെയിം ഇനത്തിൽ 2019 സെപ്റ്റംബറിനുശേഷമുള്ള 57 കോടി രൂപ കുടിശ്ശികയായി നിലനിൽക്കുകയാണ്. സർക്കാരിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് കുടിശ്ശിക കൊടുത്ത് തീർക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(4) പാലാരിവട്ടം പാലം പുനർനിർമ്മാണം

ശ്രീ. പി. ടി. തോമസ്: പാലാരിവട്ടം പാലം അടിയന്തരമായി പുനർനിർമ്മിച്ച് ഗതാഗതയോഗ്യമാക്കുന്നതിനും ജനങ്ങളുടെ യാത്രാദുരിതം അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ഐ.ഐ.ടി. മദ്രാസിന്റെയും സർക്കാരിന്റെ വിദഗ്ദ്ധ സമിതിയുടേയും ശ്രീ. ഇ. ശ്രീധരന്റെയും റിപ്പോർട്ടുപ്രകാരം ഗർഡറുകളുടെ തകരാറുകാരണം

പാലത്തിന്റെ ഭാരപരിശോധന നടത്താൻ സാധിച്ചിട്ടില്ല. ഭാരപരിശോധന നടത്തണമെന്ന ഹൈക്കോടതി വിധിക്കെതിരെ സർക്കാർ സുപ്രീംകോടതിയെ സമീപിക്കുകയും ഭാരപരിശോധന സ്റ്റേ ചെയ്തുകൊണ്ട് തൽസ്ഥിതി തുടരുന്നതിനും രണ്ടാഴ്ചയ്ക്കകം തീരുമാനമെടുക്കുന്നതിനുമായി കേസ് മാറ്റി വയ്ക്കുകയുമാണുണ്ടായത്. സുപ്രീംകോടതി വിധി വരുന്നമുറയ്ക്ക് പാലം പുനർനിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(5) ചേലക്കോട്ടുകുളങ്ങര - വലിയതറക്കടവ് പാലം നിർമ്മാണം

ശ്രീ. കോവൂർ കുഞ്ഞുമോൻ: കുന്നത്തൂർ-കരുനാഗപ്പള്ളി നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ചേലക്കോട്ടുകുളങ്ങര-വലിയതറക്കടവ് പാലം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ചേലക്കോട്ടുകുളങ്ങര-വലിയതറക്കടവ് പാലം നിർമ്മാണത്തിന് സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുകയും അതിർത്തിക്കല്ലുകളിടുകയും ചെയ്തിരുന്നുവെങ്കിലും ലാന്റ് അക്വിസിഷൻ നടപടികൾ ആരംഭിച്ചപ്പോൾ അതിർത്തിക്കല്ല് കാണാത്തതിനാൽ അത് പുന:സ്ഥാപിക്കാൻ ശ്രമിച്ചെങ്കിലും നാട്ടുകാരുടെ എതിർപ്പുകാരണം കഴിഞ്ഞില്ല. നിലവിൽ പാലത്തിന്റെ റീ-ഡിസൈൻ ലഭിച്ചിട്ടുണ്ട്. ബജറ്റിൽ ആവശ്യമായ തുക വകയിരുത്തിയാൽ പാലം നിർമ്മിക്കാൻ

കഴിയുന്നതാണ്.

## (6) കേരള സ്റ്റാമ്പ് ആക്ട്

ശ്രീ. എം. ഉമ്മർ: 1959-ലെ കേരള സ്റ്റാമ്പ് ആക്ടിലെ സെക്ഷൻ 45 -ാം വകുപ്പുപ്രകാരം സംസ്ഥാനത്ത് അണ്ടർ വാല്യുവേഷൻ കേസ്സുകളിന്മേൽ നോട്ടീസ് നൽകുന്നത് പൊതുജനങ്ങൾക്ക് പ്രയാസമുണ്ടാക്കുന്നതിനാൽ തുടർന്ന് നോട്ടീസ് അയയ്ക്കാതിരിക്കാനും അയച്ച നോട്ടീസുകൾ പിൻവലിക്കാനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കേരള സ്റ്റാമ്പ് ആക്ടിലെ 45-ാം വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണ്. രജിസ്റ്റർ ചെയ്ത ഡോക്യുമെന്റിൽ എന്തെങ്കിലും അപാകത ഉണ്ടായാൽ അത് തിരുത്തുന്നതിന് അധികാരികളെ ഓതറൈസ് ചെയ്യുന്നതാണ് 33(എ) വകുപ്പ്. ആധാരം രജിസ്റ്റർ ചെയ്ത് പത്തുവർഷത്തിനുള്ളിൽ മുദ്രവില അടയ്ക്കാൻ ആധാരകക്ഷിക്ക് നോട്ടീസ് നൽകാവുന്നതാണ്; പത്തുവർഷം മുമ്പ് രജിസ്റ്റർ ചെയ്ത ആധാരങ്ങളിന്മേൽ നടപടി സ്വീകരിക്കാൻ കഴിയില്ല; ഇതുസംബന്ധിച്ച് ആവശ്യമെങ്കിൽ നിയമം ഭേദഗതി ചെയ്യാവുന്നതാണ്.

## (7) റോഡ് നിർമ്മാണം

ശ്രീ. കെ. യു. ജനീഷ് കുമാർ: പ്ലാപ്പള്ളി-അച്ചൻകോവിൽ റോഡിന്റെ

നിർമ്മാണം ആരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ശബരിമല തീർത്ഥാടകർക്ക് ഏറെ പ്രയോജനപ്പെടുന്ന പ്ലാപ്പള്ളി-അച്ചൻകോവിൽ റോഡിന്റെ നവീകരണത്തിന് 2017-18-ൽ കിഫ്ബിയിൽനിന്ന് 25 കോടി രൂപ വകയിരുത്തുകയും ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. അന്തിമ ഡി.പി.ആർ. തയ്യാറാക്കുന്ന മുറയ്ക്ക് റോഡ് ഫണ്ട് ബോർഡുവഴി ടെണ്ടർ ചെയ്ത് പണി ആരംഭിക്കുന്നതാണ്.

(8) കൂലി നൽകുന്നതിലെ കാലതാമസം

ശ്രീ. സി. കെ. ഹരീന്ദ്രൻ: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ കൂലി നൽകുന്നതിലെ കാലതാമസം ഒഴിവാക്കാനും കാർഷിക-ക്ഷീര മേഖലകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തി പൂർത്തീകരിച്ച് രണ്ടാഴ്ചയ്ക്കകം തൊഴിലാളികൾക്ക് വേതനം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ 97 ശതമാനം മസ്റ്റർ റോളുകളും ആദ്യ എട്ട് ദിവസത്തിനകം നടപടി പൂർത്തിയാക്കി എം.ഐ.എസ്.-ൽ രേഖപ്പെടുത്താറുണ്ട്. കേന്ദ്ര സർക്കാരിൽ

നിന്നും തൊഴിലാളികൾക്കുള്ള വേതനവും സാധനസാമഗ്രികളുടെ തുകയും സമയബന്ധിതമായി ലഭ്യമാകാത്തത് പദ്ധതി നടത്തിപ്പിനെ സാരമായി ബാധിക്കുന്നുണ്ട്. ഫണ്ട് റിലീസ് ചെയ്യണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി ഏകദേശം 900 കോടി രൂപ 2020 ജനുവരി 25 വരെയുള്ള വേതന വിതരണത്തിനായി അനുവദിച്ചിട്ടുണ്ട്.

## (9) ചുമർ ചിത്രങ്ങളുടെ സംരക്ഷണം

ശ്രീ. കെ. സുരേഷ് കുറുപ്പ്: ഏറ്റുമാനൂർ മഹാദേവക്ഷേത്രത്തിലെ ചുമർ ചിത്രങ്ങൾ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): നാശോന്മുഖവും വാസ്തുശില്പഭംഗിയുള്ളതുമായ അമ്പലങ്ങൾ പഴമ നിലനിർത്തി പുനരുദ്ധരിക്കുന്നതിനായി ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള തത്വമസി പദ്ധതിയിലുൾപ്പെടുത്തി ഏറ്റുമാനൂർ മഹാദേവക്ഷേത്രത്തിലെ ചുമർ ചിത്രങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (10) കുടിശ്ശിക നിവാരണം

ശ്രീ. അനിൽ അക്കര: സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നടന്നുവരുന്ന നവകേരളീയം കുടിശ്ശിക നിവാരണ ക്യാമ്പയിനിന്റെ പരിധിയിൽ

ഓവർ ഡ്രാഫ്റ്റ് വായ്പകളെക്കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ 2019 ഡിസംബർ 31 വരെ പൂർണ്ണമായോ ഭാഗീകമായോ കുടിശ്ശികയായ വായ്പകൾ ഉൾപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള ബാങ്ക് 2020 ഫെബ്രുവരി 1 മുതൽ മാർച്ച് 31 വരെ നടത്തുന്ന കുടിശ്ശിക നിവാരണ പദ്ധതിയിലും മലപ്പുറം ജില്ലാ സഹകരണ ബാങ്ക് നടത്തുന്ന കുടിശ്ശിക നിവാരണ പദ്ധതിയിലും ഓവർഡ്രാഫ്റ്റ് വായ്പകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഏതെങ്കിലും ബാങ്കുകൾ ഒ.ഡി വായ്പ നൽകാതിരിക്കുകയാണെങ്കിൽ അക്കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

## VI ക്രമപ്രശ്നം

### ബജറ്റിലെ തിരുത്ത്

ശ്രീ. എം. ഉമ്മർ: ബജറ്റ് പ്രസംഗത്തിലും അച്ചടിച്ചുവിതരണം ചെയ്ത പകർപ്പിലും ആറാമത്തെ ഖണ്ഡികയിൽ ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 130 അനുസരിച്ച് കേരള സർക്കാർ കേന്ദ്ര സർക്കാരിനെതിരെ സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തു എന്നാണ് പരാമർശിച്ചിട്ടുള്ളത്. സംസ്ഥാനങ്ങൾക്ക് കേന്ദ്ര സർക്കാരിനെതിരെ സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്യാനുള്ള അധികാരം

ഭരണഘടനയുടെ ആർട്ടിക്കിൾ 131 പ്രകാരമാണുള്ളത്. ഇത് തിരുത്തുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്ക്): തിരുത്താൻ നടപടി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: ബജറ്റ് പ്രസംഗത്തിൽ വന്ന പിശക് തിരുത്തി വിതരണം ചെയ്യുന്നതാണ്.

## VII ധനകാര്യം

2020-2021 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിനെ സംബന്ധിച്ച പൊതു ചർച്ച

മി. ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. വി. ശശി): ബജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന് അർഹമായ വായ്പാപരിധി വെട്ടിക്കുറച്ചും നെല്ല് സംഭരണത്തിന്റെ കേന്ദ്ര വിഹിതം തടഞ്ഞുവച്ചും തൊഴിലുറപ്പ് പദ്ധതി കുടിശ്ശിക വൈകിപ്പിച്ചും പ്രളയ ദുരിതാശ്വാസ സഹായം ലഭ്യമാക്കാതെയുമുള്ള നിലപാടാണ് കേന്ദ്ര സർക്കാർ സംസ്ഥാനത്തിനെതിരെ സ്വീകരിക്കുന്നത്. ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തെ തകർക്കുന്ന കേന്ദ്ര സർക്കാർ നയങ്ങൾക്കെതിരെ കേരളം ശക്തമായ പ്രതിരോധത്തിന് മുന്നിട്ടിറങ്ങിയിട്ടുണ്ട്. സാമൂഹ്യക്ഷേമത്തിനും വികസനത്തിനും മുൻ യു.ഡി.എഫ്. സർക്കാർ അഞ്ചു വർഷം കൊണ്ട് ചെലവഴിച്ചതിനേക്കാൾ ഇരട്ടി തുക നാലു വർഷം കൊണ്ട് ഈ സർക്കാരിന് ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരള

ബാങ്ക് രൂപീകരണം നാടിന്റെ വികസനത്തിന് മുതൽക്കൂട്ടാണ്. കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനുതകുന്ന പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. 25 രൂപയ്ക്ക് ഊണ് ലഭ്യമാക്കുന്ന കുടുംബശ്രീ ഹോട്ടലുകൾ ആരംഭിക്കുന്നതിനും ലൈഫ് പദ്ധതി പ്രകാരം ഒരു ലക്ഷം ഭവനങ്ങൾ നിർമ്മിക്കുന്നതിനും ഭിന്നശേഷിക്കാരുടെ ക്ഷേമത്തിന് കൂടുതൽ തുക വകയിരുത്തുന്നതിനുമുള്ള നിർദ്ദേശങ്ങൾ അഭിനന്ദനാർഹമാണ്. പൊതുമേഖലാ ഔഷധ നിർമ്മാണ കമ്പനികൾക്ക് പ്രത്യേക പരിഗണന നൽകുന്നതിനും ക്ഷീരമേഖലയുടെ വികസനത്തിനുതകുന്ന പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുമുള്ള തീരുമാനങ്ങൾ സ്വാഗതാർഹമാണ്. ചിറയിൻകീഴിൽ പ്രേംനസീർ സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിന് ധനസഹായം അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. വി. ഡി. സതീശൻ: ബജറ്റിനെ എതിർക്കുന്നു. യാഥാർത്ഥ്യബോധമില്ലാത്ത ബജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്. മുൻസർക്കാരിനേക്കാൾ കൂടുതൽ തുക വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചുവെന്ന വാദം അടിസ്ഥാനരഹിതമാണ്. കെ.എസ്.ആർ.ടി.സി.-യുടെ നിലനിൽപ്പിനാവശ്യമായ നടപടികൾ സ്വീകരിക്കണം. നികുതി കുടിശ്ശികയും ജി.എസ്.ടി.യും പിരിച്ചെടുക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടു.

വരുമാനം കുറയുകയും അനാവശ്യചെലവുകൾ വർദ്ധിക്കുകയും ചെയ്യുന്നതിനാൽ സംസ്ഥാനം കടക്കെണിയിലകപ്പെട്ടിരിക്കുകയാണ്.

ശ്രീ. സി. കെ. ശശീന്ദ്രൻ: ബജറ്റിനെ അനുകൂലിക്കുന്നു. കേരള ജനതയുടെ ഉന്നമനത്തിനുതകുന്ന നിർദ്ദേശങ്ങളാണ് ബജറ്റിലുള്ളത്. സാമൂഹ്യക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചും കാർഷിക/വ്യാവസായിക മേഖലകൾക്ക് മുന്തിയ പരിഗണന നൽകിയും സാധാരണക്കാരുടെ താല്പര്യങ്ങൾ സംരക്ഷിച്ചുമുള്ള ഇടതുപക്ഷ ബദൽ സംവിധാനങ്ങളാണ് സംസ്ഥാന ബജറ്റിൽ പ്രതിഫലിക്കുന്നത്. വയനാട് ജില്ലയിലെ ആദിവാസി ജനവിഭാഗങ്ങൾക്ക് ഭൂമി വിതരണം ചെയ്തതും 241 പേർക്ക് ആദിവാസി മെന്റർ ടീച്ചർമാരായി നിയമനം നൽകിയതും അവർക്കുള്ള തൊഴിൽ സംരംഭങ്ങൾക്ക് തുക വകയിരുത്തിയതും സ്വാഗതാർഹമാണ്. ആദിവാസി പാക്കേജ് സമയബന്ധിതമായി നടപ്പിലാക്കുന്നതിന് മോണിറ്ററിംഗ് സെൽ രൂപീകരിച്ച് നോഡൽ ഓഫീസറെ നിയമിക്കുന്നതിനും സിക്കിൾസെൽ അനീമിയ ബാധിതരെ വയനാട് പാക്കേജിൽ ഉൾപ്പെടുത്തുന്നതിനും കിന്റർഗാർട്ടൺ ടീച്ചർമാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനും ബ്രഹ്മഗിരി പദ്ധതിക്ക് 10 കോടി രൂപ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. പി. കെ. ബഷീർ: ബജറ്റിനെ എതിർക്കുന്നു. കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളൊന്നും നടപ്പാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല.

തിരുവനന്തപുരം മുതൽ ബേക്കൽ വരെയുള്ള ജലപാത യാഥ്യാർത്ഥ്യമാക്കുമെന്നുള്ള പ്രഖ്യാപനം വസ്തുതാവിരുദ്ധമാണ്. തണ്ടപ്പേർ പകർപ്പിനും പോക്കുവരവിനുമുള്ള ഫീസ് വർദ്ധിപ്പിച്ച നടപടി സാധാരണക്കാരെ ദോഷകരമായി ബാധിക്കും. കിഫ്ബി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനും പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമപെൻഷൻ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. സി. ദിവാകരൻ: ബജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള ബജറ്റാണിത്. പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികളും സാമൂഹ്യക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചതും തദ്ദേശ ഭരണസ്ഥാപനങ്ങൾക്കുള്ള ധനസഹായം ഉയർത്തിയതും മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് റീബിൽഡ് പദ്ധതിക്ക് തുക വകയിരുത്തിയതും 25 രൂപ നിരക്കിൽ ഉച്ചഭക്ഷണം നൽകുന്നതിന് കുടുംബശ്രീ മുഖേന ആയിരം ഭക്ഷണശാലകൾ ആരംഭിക്കുമെന്നുള്ള പ്രഖ്യാപനവും സ്വാഗതാർഹമാണ്. പൊതുവിദ്യാഭ്യാസ മേഖലയുടെ വികസനത്തിന് തുക വകയിരുത്തിയതും വിദ്യാർത്ഥികളുടെ യൂണിഫോം അലവൻസ് വർദ്ധിപ്പിച്ചതും കാർഷിക മേഖലയുടെ സമഗ്ര വികസനത്തിന് ഫണ്ട് നീക്കിവച്ചതും നെൽകൃഷിക്ക് സബ്സിഡി അനുവദിച്ചതും ശ്ലാഘനീയമാണ്. നെടുമങ്ങാട് ആർ.ഡി.ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നതിനും പോത്തൻകോട് സിവിൽ സ്റ്റേഷന്റെ

പണി പൂർത്തിയാക്കുന്നതിനും കന്യാകുളങ്ങര സി.എച്ച്.സി.-യുടെ വികസനത്തിന് തുക വകയിരുത്തുന്നതിനും നെടുമങ്ങാട് ഗവൺമെന്റ് കോളേജിന് കെ.വി. സുരേന്ദ്രനാഥിന്റെ പേര് നൽകുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. മാണി. സി. കാപ്പൻ: ബജറ്റിനെ അനുകൂലിക്കുന്നു. ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ചതും പൊതുമരാമത്ത് പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തിയതും നിയമസഭാസാമാജികർ നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾക്ക് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ 1500 കോടി രൂപ അധികമായി അനുവദിച്ചതും വികസന പ്രവർത്തനങ്ങളോടുള്ള സർക്കാരിന്റെ കാഴ്ചപ്പാടാണ് വ്യക്തമാക്കുന്നത്. 2.5 ലക്ഷം വീടുകൾക്കുകൂടി കുടിവെള്ള കണക്ഷനുകൾ നൽകുമെന്നുള്ള പ്രഖ്യാപനവും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി മുഖേന ചികിത്സാ ധനസഹായം നൽകാനുള്ള തീരുമാനവും പാലിയേറ്റീവ് നയത്തിന് അംഗീകാരം നൽകിയതും ക്യാൻസർ ചികിത്സയ്ക്ക് കുറഞ്ഞ ചെലവിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് തുക അനുവദിച്ചതും സ്വാഗതാർഹമാണ്. റബ്ബർ സ്ക്രാപ്പിനും ഒട്ടുപാലിനും മിനിമം സപ്പോർട്ട് പ്രൈസ് ഏർപ്പെടുത്തുന്നതിനും പാലാ നിയോജകമണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണത്തിനും തുക വകയിരുത്തണം.

ശ്രീ. വി. എസ്. ശിവകുമാർ: ബജറ്റിനെ എതിർക്കുന്നു. തിരുവനന്തപുരത്തിന്റെ വികസനത്തിനായി ബജറ്റിൽ തുക വകയിരുത്താത്ത നടപടി യു.ഡി.എഫ്.

സർക്കാർ ആരംഭിച്ച തലസ്ഥാന വികസന പദ്ധതികളുടെ ഗതിവേഗം കുറയ്ക്കുകയും അടുത്തഘട്ട വികസനത്തിന് വിരാമമിടുകയും ചെയ്യും. തീരദേശ പാക്കേജിനായി പ്രഖ്യാപിച്ച 1000 കോടി രൂപയും ഓഖി പാക്കേജിനായി പ്രഖ്യാപിച്ച 2000 കോടി രൂപയും ചെലവഴിക്കുന്നതിനോ സ്ത്രീശാക്തീകരണ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് ദാക്ഷായണി വേലായുധന്റെ പേരിൽ ഏർപ്പെടുത്തിയ അവാർഡ് നൽകുന്നതിനോ നാഷണൽ ഹെൽത്ത് മിഷന് കേന്ദ്ര സർക്കാർ അനുവദിച്ച തുക കൈമാറാനോ നികുതിപിരിവ് കാര്യക്ഷമമാക്കാനോ നടപടി സ്വീകരിച്ചിട്ടില്ല. തലസ്ഥാന നഗരത്തിലെ എം.എൽ.എ.മാരുടെ യോഗം വിളിച്ച് സമഗ്രമായ തലസ്ഥാന വികസന പാക്കേജ് പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. കെ. ഡി. പ്രസേനൻ: ബജറ്റിനെ അനുകൂലിക്കുന്നു. സമസ്ത മേഖലകളിലും ഒട്ടേറെ വികസന പ്രവർത്തനങ്ങൾ ആരംഭിച്ച സർക്കാർ നടപടി അഭിനന്ദനാർഹമാണ്. സാമ്പത്തിക വളർച്ച 7.5 ശതമാനത്തിലെത്തിക്കാൻ സാധിച്ചത് സർക്കാരിന്റെ നേട്ടമാണ്. യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ ലഭിക്കാൻ സംരംഭകത്വങ്ങൾ ആരംഭിക്കാനും കൊല്ലം ബൈപ്പാസ് യാഥാർത്ഥ്യമാക്കാനും അതിഥി തൊഴിലാളികൾക്ക് അപ്നാ ഘർ, ആവാസ് ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കാനും കാരുണ്യ സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി ആരംഭിക്കാനും സർക്കാരിന് സാധിച്ചു. കാർഷിക കടത്തിന് മൊറട്ടോറിയം

പ്രഖ്യാപിക്കാനും പ്രകടന പത്രികയിലെ വാഗ്ദാനങ്ങളിൽ ഭൂരിഭാഗവും നടപ്പിലാക്കാനും പൊതുഇടങ്ങളിൽ സൗജന്യ വൈഫൈ പദ്ധതി നടപ്പാക്കാനും സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും വനിതാ ഡ്രൈവർമാരെ നിയമിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. മോൻസ് ജോസഫ്: ബജറ്റിനെ എതിർക്കുന്നു. സാമ്പത്തിക പ്രതിസന്ധി അതിജീവിച്ച് പ്രഖ്യാപനങ്ങൾ നടപ്പിലാക്കാനും കരാറുകാരുടെ കുടിശ്ശിക കൊടുത്തുതീർക്കാനും നടപടി സ്വീകരിക്കണം. എം.എൽ.എ. ഫണ്ടുപയോഗിച്ച് ചെയ്ത പ്രവൃത്തികളുടെ ബില്ലുകൾ മാറാത്തതിനാൽ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കാൻ സാധിക്കുന്നില്ല. കാർഷിക മേഖലയെ പാടെ വിസ്മരിച്ച ബജറ്റാണിത്. റബ്ബറിന്റെ വിലസ്ഥിരതാ ഫണ്ട് വർദ്ധിപ്പിക്കുന്നതിനും നെല്ലിന്റെ പമ്പിംഗ് സബ്സിഡി കുടിശ്ശിക നൽകുന്നതിനും പി.ആർ.എസ്. വഴി സംഭരിച്ച നെല്ലിന് പണം നൽകുന്നതിനും നടപടിയുണ്ടാകണം. മിനി ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതി പുനഃക്രമീകരിക്കുന്നതിനും കിടപ്പുരോഗികളുടെ പെൻഷൻ 1,500 രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. കെ.എം. മാണി ഫൗണ്ടേഷന് സ്മാരകമന്ദിരം നിർമ്മിക്കാൻ ഫണ്ട് വകയിരുത്തിയ നടപടിയിൽ ചാരിതാർത്ഥ്യമുണ്ട്.

ശ്രീ. യു. ആർ. പ്രദീപ്: ബജറ്റിനെ അനുകൂലിക്കുന്നു. ഹരിതകേരളം, ലൈഫ്,

ആർദ്രം മിഷനുകൾ സർക്കാരിന്റെ നേട്ടങ്ങളാണ്. ക്ഷേമപെൻഷനുകളും ആശാവർക്കർമാരുടെയും അങ്കണവാടി ജീവനക്കാരുടെയും ഓണറേറിയവും സ്കൂൾ പാചകത്തൊഴിലാളികളുടെ കൂലിയും വർദ്ധിപ്പിച്ച നടപടി അഭിനന്ദനാർഹമാണ്. ആരോഗ്യ രംഗത്തെ പ്രതിസന്ധി പരിഹരിക്കാനും വിദ്യാഭ്യാസ മേഖല ഹൈടെക് ആക്കാനും പണം വകയിരുത്തുന്നതും സ്വാഗതാർഹമാണ്. 25 രൂപയ്ക്ക് കുടുംബശ്രീ മുഖേന ഉച്ചഭക്ഷണം നൽകാൻ തീരുമാനിച്ചതുപോലെ 15 രൂപ നിരക്കിൽ പ്രഭാതഭക്ഷണവും അത്താഴവും നൽകാനും നടപടിയുണ്ടാകണം.

(ചർച്ച തുടരും)

## VIII അടിയന്തരപ്രമേയ ചർച്ച

### കാർഷിക മേഖലയിലെ പ്രതിസന്ധി

ശ്രീ. സണ്ണി ജോസഫ്: അതീവ ഗുരുതരമായ കാലാവസ്ഥാ വ്യതിയാനം, പ്രകൃതിക്ഷോഭങ്ങൾ, വിലത്തകർച്ച, വിളത്തകർച്ച, വന്യമൃഗശല്യം തുടങ്ങിയവമൂലം സംസ്ഥാനത്തെ കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. സണ്ണി ജോസഫ്: കാർഷിക മേഖലയെ അവഗണിക്കുന്ന നിലപാടാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സ്വീകരിക്കുന്നത്. 2019-ൽ കൃഷിക്കുവേണ്ടി

വകയിരുത്തിയ തുകയുടെ 35 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പ്രകൃതിക്ഷോഭം, കാലാവസ്ഥാ വ്യതിയാനം, ഉൽപ്പന്നങ്ങളുടെ വിലയിടിവ് എന്നിവകാരണം ഒട്ടുമിക്ക കാർഷിക വിളകളും തകർച്ച നേരിടുകയാണ്. കടബാധ്യതമൂലം കർഷക ആത്മഹത്യകൾ വർദ്ധിക്കുന്നു. മണ്ണിടിച്ചിലിൽ കൃഷിഭൂമി തകർന്നവർക്കും പ്രളയത്തിൽ കന്നുകാലികൾ, വിളകൾ എന്നിവ നഷ്ടപ്പെട്ടവർക്കും നഷ്ടപരിഹാരം നൽകിയിട്ടില്ല. പച്ചത്തേങ്ങയുടെ വില വർദ്ധിപ്പിക്കുന്നതിനും പച്ചത്തേങ്ങ സംഭരണം കാര്യക്ഷമമാക്കുന്നതിനും കേരസംഘങ്ങളെ സഹായിക്കുന്നതിനും നടപടി സ്വീകരിക്കണം. ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെ.-യും കൃഷി ഭവനുകൾ മുഖേന പച്ചക്കറി സംഭരിക്കുകയും പഴവർഗ്ഗങ്ങൾക്ക് സംഭരണവില നിശ്ചയിക്കുകയും സംഭരിച്ച നെല്ലിനുള്ള തുക അടിയന്തരമായി നൽകുകയും ചെയ്യണം. റബർ വിലസ്ഥിരതാ ഫണ്ട് വർദ്ധിപ്പിക്കുന്നതിനും കുടിശ്ശിക നൽകുന്നതിനും നടപടി സ്വീകരിക്കണം. കുരുമുളകിന്റെ വില വർദ്ധിപ്പിക്കണം. വന്യമൃഗശല്യം തടയുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കാനോ കൃഷി ഉത്തേജക പാക്കേജ്/പദ്ധതികൾ ബജറ്റിൽ ഉൾക്കൊള്ളിക്കാനോ തയ്യാറായിട്ടില്ല. കടബാധ്യതയെത്തുടർന്ന് ആത്മഹത്യ ചെയ്ത കർഷകരുടെ കടം എഴുതിത്തള്ളാൻ നടപടി സ്വീകരിക്കണം.

ശ്രീ. രാജു എബ്രഹാം: പ്രകൃതിക്ഷോഭത്തിൽ കന്നുകാലികൾ നഷ്ടപ്പെട്ടവർക്ക്

പകരം കന്നുകാലികളെ നൽകിയിട്ടുണ്ട്. പ്രളയംമൂലം കൃഷിനാശം സംഭവിച്ച 49 ഹെക്ടർ സ്ഥലം 'പുനർജ്ജീവനി' പദ്ധതിപ്രകാരം കൃഷിയോഗ്യമാക്കാനും ഒന്നര ലക്ഷം ഹെക്ടർ സ്ഥലത്തുനിന്നും നെൽകൃഷി 2.20 ലക്ഷം ഹെക്ടറായി ഉയർത്താനും 90,000 ഏക്കർ സ്ഥലത്ത് തരിശ് കൃഷി ആരംഭിക്കാനും സാധിച്ചിട്ടുണ്ട്. നെൽ കർഷകർക്കുവേണ്ടി പ്രഖ്യാപിച്ച മൂന്ന് റൈസ് മില്ലുകളിൽ രണ്ടെണ്ണത്തിന്റെ നിർമ്മാണം പുരോഗമിക്കുകയും മൂന്നാമത്തേതിന് തൃശ്ശൂരിൽ സ്ഥലം ഏറ്റെടുക്കുകയും ചെയ്തു. ഒന്നര ലക്ഷം ടൺ പച്ചക്കറി കേരളത്തിൽത്തന്നെ ഉത്പാദിപ്പിക്കാൻ സാധിച്ചു. പാലുല്പാദനത്തിൽ കേരളം സ്വയംപര്യാപ്തതയിലേയ്ക്ക് നീങ്ങുകയാണ്. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ആദ്യമായി രൂപീകരിച്ചത് കേരളത്തിലാണെന്നുള്ളത് അഭിമാനാർഹമാണ്.

<u>ശ്രീ. കെ. സി. ജോസഫ്</u>: കേരളത്തിന്റെ കാർഷിക മേഖല വൻതകർച്ചയിലാണ്. പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് ലഭിച്ച തുകയും റീബിൽഡ് കേരളയ്ക്കുവേണ്ടിയുള്ള വായ്പയും സർക്കാർ വകമാറ്റി ചെലവഴിക്കുകയാണുണ്ടായത്. കഴിഞ്ഞ ബജറ്റിൽ റബ്ബറിന്റെ താങ്ങുവിലയ്ക്കായി വകയിരുത്തിയ 500 കോടി രൂപയിൽ ചെലവഴിച്ചത് 98.53 കോടി രൂപ മാത്രമാണ്. എ.സി. കനാൽ നവീകരണത്തിനും തോട്ടപ്പള്ളി സ്പിൽവേയിൽനിന്നുമുള്ള ലീഡിംഗ് ചാനലിന്റെ ആഴവും വീതിയും വർദ്ധിപ്പിക്കുന്നതിനും തുക ചെലവഴിച്ചിട്ടില്ല. ആയിരം

കോടിരൂപയുടെ രണ്ടാംഘട്ട കുട്ടനാട് പാക്കേജ്, സിയാൽ മോഡൽ റബ്ബർ പാർക്ക് എന്നിവയ്ക്ക് ബജറ്റിൽ തുക നീക്കിവച്ചെങ്കിലും യാതൊരു നടപടിയുമുണ്ടായിട്ടില്ല. റബ്ബറിന് സംഭരണവില നിശ്ചയിക്കാനോ കർഷകരുടെ രണ്ടുലക്ഷം രൂപവരെയുള്ള കടങ്ങൾ എഴുതിത്തള്ളുന്നതിനോ മൊറട്ടോറിയം പീരീഡിലെ പലിശ കുറയ്ക്കുന്നതിനോ സർക്കാർ തയ്യാറായിട്ടില്ല.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: കാർഷിക മേഖലയിൽനിന്നും കേന്ദ്രസർക്കാരിനു ലഭിക്കുന്ന ലാഭവിഹിതത്തിന്റെ പങ്ക് കേരളത്തിലെ കർഷകർക്ക് ലഭ്യമാക്കുന്നതിന് കക്ഷിഭേദമെന്യേ പ്രവർത്തിക്കണം. രാജ്യത്ത് വർദ്ധിച്ചുവരുന്ന കർഷക ആത്മഹത്യ തടയുന്നതിനും കടക്കെണിയിൽപ്പെട്ട കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഒരു മാതൃ കർഷക കടാശ്വാസ നിയമം പാസ്സാക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണം. കർഷകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും കർഷക ആത്മഹത്യ ഇല്ലാതാക്കുന്നതിനും സർക്കാർ ഇടപെടലുണ്ടാകണം.

<u>ശ്രീ. എം. സി. കമറുദ്ദീൻ</u>: കർഷകർ ജപ്തി ഭീഷണിനേരിടുന്ന സാഹചര്യം ഒഴിവാക്കണം. അടയ്ക്കാ കർഷകർക്കുവേണ്ടി പ്രഖ്യാപിച്ച പാക്കേജ് നടപ്പാക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. പഴവർഗ്ഗങ്ങൾ കൃഷി ചെയ്യുന്നവർക്ക് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് ആനുകൂല്യങ്ങൾ നൽകണം. ഡ്രിപ് ഇറിഗേഷൻ

പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കാവുന്ന ഭൂ വിസ്തൃതി രണ്ടേക്കറായി വർദ്ധിപ്പിക്കണം. മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കുൾപ്പെടെ കാർഷികോല്പന്നങ്ങൾക്ക് സബ്സിഡി നൽകാനും അർഹമായ വിപണി കണ്ടെത്താനും കർഷക കടാശ്വാസ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാനും നടപടി സ്വീകരിക്കണം. ആധുനിക കൃഷി രീതികളെപ്പറ്റി ബോധവത്കരണം നടത്തി കൂടുതൽ ആളുകളെ ഈ രംഗത്തേയ്ക്ക് ആകർഷിക്കാൻ സാധിക്കണം. മഞ്ചേശ്വരം കൃഷിവിജ്ഞാന കേന്ദ്രത്തിലേതുൾപ്പെടെ ഉപയോഗശൂന്യമായ ഭൂമി കൃഷിക്കുപയുക്തമാക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. ജെ. ജോസഫ്</u>: റബ്ബർ, പച്ചത്തേങ്ങ തുടങ്ങിയ കാർഷികോല്പന്നങ്ങളുടെ താങ്ങുവില ഉൽപ്പാദനച്ചെലവിനാനുപാതികമായി വർദ്ധിപ്പിക്കണം. നെൽകർഷകർ നേരിടുന്ന ജപ്തിനടപടി ഒഴിവാക്കണം. മിനിമം സപ്പോർട്ട് പ്രൈസിലൂടെ ഉൽപ്പന്നവില വർദ്ധിപ്പിച്ച് കർഷകരെ സംരക്ഷിക്കാനും സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിച്ച നെല്ലിന്റെ വില കർഷകരുടെ അക്കൗണ്ടുകളിലേയ്ക്ക് ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: പാറശ്ശാല മണ്ഡലത്തെ തരിശുരഹിതമാക്കുന്നതിന്റെ ഭാഗമായി 60 ഹെക്ടർ ഭൂമിയിൽ നെൽകൃഷി വ്യാപിപ്പിക്കാനും കുന്നത്തുകാൽ-പാറശ്ശാല പഞ്ചായത്തുകളിലെ പാടശേഖരങ്ങൾ നെൽകൃഷിക്ക് ഉപയുക്തമാക്കാനും

നടപടി സ്വീകരിച്ചത് അഭിനന്ദനാർഹമാണ്. കാർഷിക-മത്സ്യബന്ധന-വിദ്യാഭ്യാസ വകുപ്പുകളുടെ ഏകോപനത്തോടെ കാർഷികമേഖലയെ പുനരുജ്ജീവിപ്പിക്കാനും ജലാശയങ്ങളിൽ മത്സ്യകൃഷി വ്യാപകമാക്കാനും നടപടി സ്വീകരിച്ചു. നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കാനും നെൽകൃഷി വ്യാപനത്തിലൂടെ നെല്ലുല്പാദനം വർദ്ധിപ്പിക്കാനും കാർഷിക വായ്പയുടെ പലിശ 4 ശതമാനമാക്കി നിശ്ചയിക്കാനും കൃഷിക്കായി സൗജന്യ വൈദ്യുതി ഏർപ്പെടുത്താനും കർഷക കടാശ്വാസ കമ്മീഷൻ നടപടികളിലൂടെ കർഷക ആത്മഹത്യയ്ക്ക് ശാശ്വതപരിഹാരം കണ്ടെത്താനും സാധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ വികലമായ നയങ്ങളുടെ ഫലമായി രാജ്യത്ത് കർഷക ആത്മഹത്യകൾ കൂടുമ്പോഴും ബദൽ നയങ്ങളിലൂടെ കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകുന്ന പദ്ധതികളാണ് ബജറ്റിൽ വിഭാവനചെയ്തിരിക്കുന്നത്. കാർഷിക മേഖലയ്ക്ക് ദോഷകരമായ കേന്ദ്ര നയങ്ങൾ ഭരണ-പ്രതിപക്ഷ ഭേദമെന്യേ എതിർക്കണം.

ശ്രീ. അനൂപ് ജേക്കബ്: കർഷകർ നേരിടുന്ന പ്രശ്നങ്ങളോടുള്ള സർക്കാർ സമീപനം പ്രതിഷേധാർഹമാണ്. വിറ്റ നെല്ലിന്റെ പണം വായ്പയായി വാങ്ങേണ്ട ഗതികേടിലാണ് കർഷകർ. പ്രകൃതിക്ഷോഭംമൂലമുള്ള നഷ്ടപരിഹാരം യഥാസമയം ലഭ്യമാക്കുന്നതിനും കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനും നഷ്ടപരിഹാരത്തുക ഉയർത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. പി. സി. ജോർജ്: കാർഷിക മേഖലയിലെ പ്രശ്നങ്ങളോടൊപ്പം ചെറുകിട കച്ചവടക്കാരുടെ പ്രശ്നങ്ങളും പരിഹരിക്കപ്പെടേണ്ടതുണ്ട്. സർക്കാരും സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയും തമ്മിലുള്ള എഗ്രിമെന്റ് പാലിക്കപ്പെടാത്തതിനാൽ വിദ്യാഭ്യാസ വായ്പയെടുത്ത ഗുണഭോക്താക്കൾക്ക് നോട്ടീസ് അയച്ച ബാങ്ക് നടപടി പരിശോധിക്കപ്പെടണം. കാർഷിക കടങ്ങൾക്ക് ഏർപ്പെടുത്തിയ മൊറട്ടോറിയത്തിന്റെ കാലാവധി മാർച്ച് 31-ന് അവസാനിക്കുന്ന സാഹചര്യത്തിൽ അനുഭാവപൂർവ്വമായ നിലപാട് ഇക്കാര്യത്തിൽ സ്വീകരിക്കണം. വായ്പാ പരിധി 20 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണം.

ശ്രീ. കെ. വി. വിജയദാസ്: ആസിയാൻ കരാർ നടപ്പാക്കിയതിനെത്തുടർന്ന് കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവിന്റെ ഫലമായി കഴിഞ്ഞ 10 വർഷത്തിനുള്ളിൽ 3 ലക്ഷത്തിൽപ്പരം കർഷകരാണ് രാജ്യത്ത് ആത്മഹത്യ ചെയ്തത്. കർഷകർക്ക് ലഭ്യമാക്കിയിരുന്ന 4 ശതമാനം സ്വർണ്ണപ്പണയ വായ്പ കേന്ദ്രം നിർത്തലാക്കിയത് പ്രതിഷേധാർഹമാണ്. പുതിയ കാർഷിക സംസ്കാരം വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി നവകേരള നിർമ്മിതിയിൽ കാർഷിക മേഖലയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് നിരവധി പദ്ധതികൾ ആവിഷ്കരിക്കുകയും ബജറ്റിൽ 2000 കോടി രൂപ വകയിരുത്തുകയും ചെയ്ത സർക്കാർ നടപടി പ്രശംസനീയമാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതം വെട്ടിക്കുറച്ചത്

അപലപനീയമാണ്. റാണി, ചിത്തിര കായലുകൾ നെൽകൃഷിക്കുപയുക്തമാക്കാനും കൃഷി ഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കാനും നടപടി സ്വീകരിച്ചത് അഭിനന്ദനാർഹമാണ്.

ശ്രീ. ഷാഫി പറമ്പിൽ: പാലക്കാട് ജില്ലയിലെ നെൽകർഷകർക്കായി പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണം. വിള ഇൻഷ്വറൻസ് തുക യഥാസമയം ലഭ്യമാക്കണം. കർഷകരുടെ വായ്പകൾ എഴുതിത്തള്ളാനും കാർഷിക മേഖലയ്ക്കുള്ള കേന്ദ്രവിഹിതം നേടിയെടുക്കാനും നടപടി സ്വീകരിക്കണം. പദ്ധതി നിർവ്വഹണം കാര്യക്ഷമവും ഫലപ്രദവുമാക്കാൻ കൃഷി വകുപ്പിനെ സജ്ജമാക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): വന്യജീവി ആക്രമണത്തിനിരയാകുന്നവർക്കുള്ള നഷ്ടപരിഹാരത്തുക ഇരട്ടിയായി വർദ്ധിപ്പിക്കാനും പതിനാല് ജില്ലകളിലും വന അദാലത്തുകൾ സംഘടിപ്പിക്കാനും സാധിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിന് സൗരോർജ്ജ വേലി, ആനപ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, ജൈവവേലികൾ, കയ്യാലകൾ തുടങ്ങിയവ നിർമ്മിച്ചിട്ടുണ്ട്. വനത്തിന് പുറത്തേയ്ക്ക് വരുന്ന മൃഗങ്ങളെ തിരിച്ചയക്കുന്നതിന് റാപ്പിഡ് റെസ്പോൺസ് ടീമുകളെ നിയോഗിച്ചിട്ടുണ്ട്. പ്രശ്നക്കാരായ ആനകൾക്ക് റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് സംരക്ഷണം

കൊടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പന്നിശല്യം പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): നെല്ല് സംഭരിക്കുമ്പോൾത്തന്നെ നെൽ കർഷകർക്ക് പണം ലഭിക്കുന്നതിനായി പി.ആർ.എസ്. വായ്പാ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കഴിഞ്ഞ സീസണിൽ 5,236 ലക്ഷം രൂപയുടെ നെല്ല് സംഭരിക്കുന്നതിനും 3,313 ലക്ഷം രൂപ വിതരണം ചെയ്യുന്നതിനും സാധിച്ചിട്ടുണ്ട്. നെല്ലിന്റെ താങ്ങുവിലയിനത്തിൽ 1,035 കോടി രൂപ കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കാനുണ്ട്. നെല്ല് സംഭരിക്കുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ പാടശേഖര സമിതികളെയും കൃഷിക്കാരെയും അറിയിച്ചിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പാട്ടകൃഷി, കന്നുകാലി കച്ചവടം, കോൺട്രാക്ട് കൃഷി എന്നിവയുമായി ബന്ധപ്പെട്ട നിയമങ്ങൾ പാസാക്കിയ സംസ്ഥാനങ്ങൾക്ക് മാത്രമായി കേന്ദ്രസർക്കാർ ആനുകൂല്യങ്ങൾ പരിമിതപ്പെടുത്തിയിരിക്കുകയാണ്. ഇത്തരം നിയമങ്ങൾ കേരളത്തിൽ പാസാക്കാൻ കഴിയില്ലെന്ന് കേന്ദ്രസർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. രാസവളം, കീടനാശിനികൾ തുടങ്ങിയവയുടെ വില വർദ്ധിപ്പിക്കുകയും കാർഷികമേഖലയിലെ സബ്സിഡികൾ പിൻവലിക്കുകയും കേന്ദ്ര പദ്ധതികളിലെല്ലാം വൻതോതിൽ വെട്ടിക്കുറവ് വരുത്തുകയും ആർ.കെ.വി.വൈ.

പദ്ധതിയിൽ മാറ്റം വരുത്തുകയും ചെയ്ത കേന്ദ്രസർക്കാർ നടപടി സംസ്ഥാനത്തിന്റെ കാർഷികമേഖലയെ ഗുരുതരമായി ബാധിക്കും. സംസ്ഥാന സർക്കാരിന്റെ ആത്മാർത്ഥമായ ഇടപെടൽ നിമിത്തമാണ് കാർഷികമേഖലയിലെ വളർച്ചാനിരക്ക് നിലനിർത്താൻ സാധിച്ചത്. പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച കുട്ടനാട്ടിലെ കൃഷിയിടങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ സർക്കാരിന് സാധിച്ചു. ഇടുക്കി, വയനാട് ജില്ലകൾക്ക് റിബിൽഡ് കേരള പദ്ധതിയിൽപ്പെടുത്തി പ്രത്യേക സാമ്പത്തിക സഹായം അനുവദിക്കാനും പ്രളയശേഷമുള്ള സ്ഥിതിഗതികൾ പഠനവിധേയമാക്കി ശാസ്ത്രീയമായി കൃഷി പുനഃസംഘടിപ്പിക്കുന്നതിനും കാലാവസ്ഥാവ്യതിയാനത്തെ അതിജീവിക്കുന്ന നെൽവിത്തിനങ്ങൾ പുറത്തിറക്കുന്നതിനും സംസ്ഥാനത്തെമ്പാടും തരിശുനിലങ്ങളിൽ കൃഷിയിറക്കുന്നതിനും നടപടി സ്വീകരിച്ചു. നെൽകൃഷിക്ക് റോയൽറ്റി പ്രഖ്യാപിച്ച ബജറ്റ് നിർദ്ദേശം അഭിനന്ദനാർഹമാണ്. നാളികേര വികസന കൗൺസിൽ രൂപീകരിച്ചും കേരഗ്രാമങ്ങൾ ആരംഭിച്ചും നാളികേരത്തിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. വിളനാശത്തിനുള്ള നഷ്ടപരിഹാരം വർദ്ധിപ്പിച്ചിട്ടുണ്ട്. കേരളത്തെ പുഷ്പകൃഷിയുടെ ഒരു ഹബ്ബാക്കി മാറ്റാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഇൻഡ്യയിലേയ്ക്ക് പാലുത്പന്നങ്ങളും കാർഷികോത്പന്നങ്ങളും ഇറക്കുമതി ചെയ്യുന്ന ഇൻഡോ-യു.എസ്. കരാർ നടപ്പിലാക്കാനുള്ള കേന്ദ്ര

തീരുമാനത്തിനെതിരെ പ്രമേയം പാസ്സാക്കാൻ ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഒരുമിച്ച് നിൽക്കണം. കർഷകരുടെ സംരക്ഷണം ഉറപ്പാക്കാൻ കഴിയുന്ന കർഷക ക്ഷേമനയമാണ് സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കർഷകർക്കുണ്ടാകുന്ന പ്രതിസന്ധി തരണം ചെയ്യാൻ ഒരുമിച്ച് നിൽക്കേണ്ടതുണ്ട്.

പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

(മന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തിയശേഷം പ്രതിപക്ഷം ഒന്നടങ്കം സഭയിൽ നിന്ന് പുറത്തു പോകുകയും അല്പ സമയത്തിനുശേഷം തിരികെ പ്രവേശിക്കുകയും ചെയ്തു.)

**ധനകാര്യം (തുടർച്ച)**

ശ്രീ. ജി. എസ്. ജയലാൽ: ബജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിലെ സാധാരണക്കാരന്റെ ജീവിതത്തിനും നാടിന്റെ വികസനത്തിനുമാണ് ബജറ്റിൽ പ്രാധാന്യം കൊടുത്തിരിക്കുന്നത്. ജനകീയ വികസന പ്രവർത്തനങ്ങളെ എതിർക്കുന്ന പ്രതിപക്ഷ നിലപാട് സംസ്ഥാന താൽപ്പര്യത്തിന് നിരക്കുന്നതല്ല. വിശപ്പുരഹിത പദ്ധതിക്ക് 20 കോടി രൂപ വകയിരുത്തിയതും 25 രൂപയ്ക്ക് ഊണ് നൽകുന്ന ആയിരം ഭക്ഷണശാലകൾ കുടുംബശ്രീ മുഖേന ആരംഭിക്കാനുള്ള തീരുമാനവും ഭക്ഷ്യസബ്സിഡിക്കായി 1036 കോടി രൂപ മാറ്റിവച്ചതും സ്വാഗതാർഹമാണ്. വിപണി ഇടപെടലിനായി പ്രത്യേക തുക മാറ്റിവയ്ക്കാനുള്ള

നടപടിയുണ്ടാകണം. സാമൂഹ്യക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചതും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് തുക അനുവദിച്ചതും വിലസ്ഥിരതാ ഫണ്ടിന് 200 കോടി രൂപ അധികമായി വകയിരുത്തിയതും ഗ്രാമീണ-പൊതുമരാമത്ത് റോഡുകളുടെ വികസനത്തിന് പ്രത്യേക ഫണ്ട് അനുവദിച്ചതും സർക്കാരിന്റെ സാമൂഹ്യപ്രതിബദ്ധത വ്യക്തമാക്കുന്നതാണ്. ഫലവൃക്ഷ-പച്ചക്കറി കൃഷി വ്യാപനത്തിന് 1000 കോടി രൂപ ചെലവഴിക്കുമെന്നുള്ള പ്രഖ്യാപനത്തെയും പ്രവാസി ക്ഷേമപദ്ധതികൾക്കുള്ള വിഹിതം ഉയർത്തിയ നടപടിയെയും സ്വാഗതം ചെയ്യുന്നു. ചാത്തന്നൂർ ആസ്ഥാനമാക്കി താലൂക്ക് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: ബജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് ദീർഘവീക്ഷണത്തോടെയുള്ള ബജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. കെ.എസ്.ആർ.ടി.സി.-ക്ക് 1000 കോടി രൂപ വകയിരുത്തിയതും ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി ഏറ്റെടുക്കാനുള്ള തീരുമാനവും വ്യവസായ പാർക്കുകളുടെയും കോമൺ ഫെസിലിറ്റി സെന്ററുകളുടെയും വികസനത്തിനും പീഡിത യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനും പലിശയിളവ് നൽകാൻ തുക വകയിരുത്തിയതും സ്ഥിരം മാർക്കറ്റിംഗ്-കം-എക്സിബിഷൻ കോംപ്ലക്സിന് ഫണ്ട് വകയിരുത്തിയതും വ്യാപാരി ക്ഷേമനിധി പെൻഷൻ കുടിശ്ശിക

നൽകുന്നതിന് പ്രത്യേക തുക അനുവദിച്ചതും വ്യവസായ മേഖലയോടുള്ള സർക്കാരിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നതാണ്. വാറ്റ് നികുതി കുടിശ്ശിക അടയ്ക്കുന്നതിന് ആംനസ്റ്റി സ്കീം പ്രഖ്യാപിച്ചതും വാറ്റ് റിട്ടേൺ റിവൈസ് ചെയ്യാനുള്ള കാലാവധി ദീർഘിപ്പിച്ചതും ശ്ലാഘനീയമാണ്. ബേപ്പൂർ തുറമുഖ വികസനത്തിന് പ്രത്യേക പരിഗണന നൽകണം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: ബജറ്റിനെ എതിർക്കുന്നു. നവകേരള സൃഷ്ടിക്കായി പ്രഖ്യാപിച്ച പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. വിധവാ പെൻഷന് ഏർപ്പെടുത്തിയിട്ടുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണം. ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനും പൊതുമേഖലാസ്ഥാപനങ്ങളിൽ പ്രൊഫഷണൽ മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ഐ. ബി. സതീഷ്: ബജറ്റിനെ അനുകൂലിക്കുന്നു. നെയ്യാർഡാമിൽ നിന്ന് തിരുവനന്തപുരം നഗരത്തിലേയ്ക്ക് കുടിവെള്ളം എത്തിക്കുന്നതിനായി 206 കോടി രൂപയുടെ പദ്ധതികൾ പ്രഖ്യാപിച്ചതും കിഫ്ബിയിലൂടെ 3008 കോടി രൂപയുടെ വികസന പദ്ധതികൾ നടപ്പാക്കിയതും വേളി, ശംഖുംമുഖം ബീച്ച് വികസനത്തിനും ചാല പൈതൃക പദ്ധതിക്കും തുക വകയിരുത്തിയതും സ്വാഗതാർഹമാണ്. കാട്ടാക്കട താലൂക്ക് വികസനത്തിനായി

100 കോടി രൂപ അനുവദിച്ച സംസ്ഥാന സർക്കാരിനെ അഭിനന്ദിക്കുന്നു.

ശ്രീ. പി. സി. ജോർജ്: കെ. എം. മാണി ഫൗണ്ടേഷന് സ്മാരക മന്ദിരം നിർമ്മിക്കുന്നതിന് 5 കോടി രൂപ വകയിരുത്തിയ നടപടിയെ അഭിനന്ദിക്കുന്നു. കടക്കെണിയിലകപ്പെട്ട കർഷകരെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. പി. ഉണ്ണി: ബജറ്റിനെ അനുകൂലിക്കുന്നു. കേന്ദ്ര നികുതി വിഹിതത്തിൽ മുൻവർഷത്തെക്കാൾ 1164.41 കോടി രൂപ കുറവുവരുത്തുകയും വായ്പാ തുക അനുവദിക്കുന്നതിൽ വിവേചനം കാണിക്കുകയും ചെയ്ത കേന്ദ്ര നടപടി പ്രതിഷേധാർഹമാണ്. കാർഷിക മേഖലയുടെയും വ്യവസായ പാർക്കുകളുടെയും കോമൺ ഫെസിലിറ്റി സെന്ററുകളുടെയും വികസനത്തിനും സംരംഭക വികസന പരിപാടിക്കും പീഡിത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനും തുക വകയിരുത്തിയതും ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചതും അഭിനന്ദനാർഹമാണ്. പാലക്കാട് റൈസ് പാർക്ക് പദ്ധതി ഈ വർഷം പ്രവർത്തനമാരംഭിക്കുമെന്നും വയോജനക്ഷേമ പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് എൽഡർ ബജറ്റ് രൂപപ്പെടുത്തുമെന്നുള്ള പ്രഖ്യാപനങ്ങൾ സ്വാഗതാർഹമാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിക്കാനുള്ള കേന്ദ്ര തീരുമാനം അപലപനീയമാണ്.

ശ്രീ. പി. വി. അൻവർ: ബജറ്റിനെ അനുകൂലിക്കുന്നു. വിദ്യാഭ്യാസ-ആരോഗ്യ-അടിസ്ഥാനസൗകര്യ മേഖലയിൽ ഒട്ടേറെ വികസനപ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുകയും

സാമൂഹ്യക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കുകയും ചെയ്ത നടപടി അഭിനന്ദനാർഹമാണ്. പ്രവാസികളുടെ വരുമാനത്തിന് നികുതി ഏർപ്പെടുത്തിയ കേന്ദ്ര തീരുമാനത്തിനെതിരെ പ്രതിപക്ഷം പ്രതികരിക്കാത്തത് ഖേദകരമാണ്.

ശ്രീ. എം. ഉമ്മർ: ബജറ്റിനെ എതിർക്കുന്നു. എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസുകളുടെ നികുതി സീറ്റുകളുടെ എണ്ണത്തിനാനുപാതികമായി വർദ്ധിപ്പിക്കാനുള്ള തീരുമാനം ഖേദകരമാണ്. ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കാനായി തദ്ദേശഭരണ സ്ഥാപനങ്ങൾ പണം വകയിരുത്തണമെന്ന പ്രഖ്യാപനവും മഞ്ചേരി മെഡിക്കൽ കോളേജിന് തുക വകയിരുത്താത്തതും പ്രതിഷേധാർഹമാണ്. കിഫ്ബി പദ്ധതികളൊന്നും പ്രാവർത്തികമാക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. മുൻ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ പോലും വാഗ്ദാനങ്ങളായി അവശേഷിക്കുകയാണ്.

ശ്രീമതി വീണാ ജോർജ്ജ്: ബജറ്റിനെ അനുകൂലിക്കുന്നു. ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ച നടപടി സ്വാഗതാർഹമാണ്. റോഡുകളും പാലങ്ങളും നിർമ്മിക്കാനും വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിൽ വമ്പിച്ച വികസന പ്രവർത്തനങ്ങൾ നടത്താനും കാർഷിക മേഖലയിൽ ഉല്പാദനം വർദ്ധിപ്പിക്കാനും മത്സ്യത്തൊഴിലാളി മേഖലയിൽ നിരവധി പദ്ധതികൾ ആവിഷ്കരിക്കാനും സർക്കാരിന് സാധിച്ചു. സംസ്ഥാനവിഹിതം വെട്ടിക്കുറച്ച കേന്ദ്ര സർക്കാർ നടപടി പ്രതിഷേധാർഹമാണ്. 2008-ന് മുമ്പ് കരഭൂമിയായി തരംമാറ്റിയതായി ഡാറ്റാ ബാങ്കിൽ

രേഖപ്പെടുത്തിയിട്ടുള്ള ഭൂമി റെഗുലറൈസ് ചെയ്യാനുള്ള നടപടികൾ ത്വരിതപ്പെടുത്തണം.

ശ്രീ. വി. പി. സജീന്ദ്രൻ: ബജറ്റിനെ എതിർക്കുന്നു. കിഫ്ബിയിലുൾപ്പെടുത്തിയ പദ്ധതി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തണം. കെ. എം. മാണി ഫൗണ്ടേഷന് സ്മാരക മന്ദിരം നിർമ്മിക്കാൻ 5 കോടി രൂപ അനുവദിച്ച നടപടിയെ സ്വാഗതം ചെയ്യുന്നു. കെ.ആർ. നാരായണൻ സ്മാരക നിർമ്മാണത്തിന് അനുവദിച്ച തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. കരാറുകാർക്ക് തുക നൽകാത്തതുമൂലം നിർമ്മാണ പ്രവൃത്തികൾ നിലച്ചിരിക്കുകയാണ്. ഇടുക്കി, വയനാട്, കുട്ടനാട് പാക്കേജുകൾ പ്രാവർത്തികമാക്കണം.

ശ്രീ. സജി ചെറിയാൻ: ബജറ്റിനെ അനുകൂലിക്കുന്നു. വിദ്യാഭ്യാസ-ആരോഗ്യ-സേവന മേഖലകൾ സ്വകാര്യവൽക്കരിക്കുക, തൊഴിലുറപ്പ് പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കുക, പൊതുവിതരണ സമ്പ്രദായം തകർക്കുക തുടങ്ങിയ കേന്ദ്രസർക്കാർ നിലപാടുകൾമൂലം രാജ്യം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നീങ്ങുന്ന സാഹചര്യത്തിൽ ജനോപകാരപ്രദവും ജനക്ഷേമകരവുമായ ബജറ്റ് അവതരിപ്പിച്ച കേരള സർക്കാർ അഭിനന്ദനമർഹിക്കുന്നു. റോഡുകളും പാലങ്ങളും നിർമ്മിക്കുന്നതുൾപ്പെടെ കോടിക്കണക്കിന് രൂപയാണ് കുട്ടനാടിന്റെ സമഗ്ര വികസനത്തിനുവേണ്ടി വിനിയോഗിക്കുന്നത്. ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ച്

കുടിശ്ശിക ഉൾപ്പെടെ കൊടുത്തുതീർക്കാൻ സർക്കാരിന് സാധിച്ചു. ലൈഫ് മിഷൻ, ആർദ്രം, ഹരിതകേരളം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുകയും റോഡ് നിർമ്മാണത്തിൽ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിക്കുകയും സേഫ്റ്റി കോറിഡോർ പദ്ധതി, മലയോര തീരദേശ ഹൈവേ എന്നിവ യാഥാർത്ഥ്യമാക്കുകയും ദേശീയ പാതാവികസനത്തിന് ആരംഭം കുറിക്കുകയും കൊല്ലം ബൈപ്പാസ് പൂർത്തീകരിക്കുകയും ചെയ്തത് എടുത്തുപറയത്തക്ക നേട്ടങ്ങളാണ്. കുടിവെള്ള പദ്ധതികൾ, കൊച്ചി മെട്രോയുടെ രണ്ടാം ഘട്ട നിർമ്മാണം, സ്റ്റാർട്ടപ്പ് സംരംഭങ്ങൾ, വ്യവസായ ഇടനാഴി പദ്ധതിക്ക് സ്ഥലമേറ്റെടുക്കൽ, മോഡേൺ ഇൻഡസ്ട്രിയൽ സെക്ടറിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ തുടങ്ങി സമസ്തമേഖലകളിലും സർക്കാർ വികസനം കൈവരിച്ചിരിക്കുകയാണ്.

സഭ വൈകുന്നേരം 5.36-ന് പിരിഞ്ഞു.